ബി1 – 13185/2018

തീയതി 14..06..2018

**സർക്കുലർ നമ്പർ 16/2018**

വിഷയം: അച്ചടക്കനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് – സംബന്ധിച്ച്.

സൂചന: 1. 06.03.2018 –ലെ വനം–എ2/19/18 നമ്പർ സർക്കാർ കത്ത്.

2. 1960–ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ.

വകുപ്പിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്ന കാലതാമസം/വീഴ്ച കാരണം അച്ചടക്കനടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിഘാതമാകുന്നുവെന്ന് സൂചന പ്രകാരം സർക്കാർ നിരീക്ഷിച്ചിരുന്നു. അച്ചടക്കനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ വകുപ്പിനെതിരെ കോടതികളിൽ കേസ് ഫയൽ ചെയ്യപ്പെടുകയും കൂടാതെ പ്രൊമോഷൻ, പെൻഷൻ എന്നിവ യഥാസമയം നൽകാൻ കഴിയാതെ വരികയും ചെയ്യുന്നുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. കുറ്റപത്രം/കുറ്റാരോപണപത്രിക, കാരണം കാണിക്കൽ നോട്ടീസ് എന്നിവ 15 ദിവസത്തിനകം ബന്ധപ്പെട്ട ജീവനക്കാർ കൈപ്പറ്റി ആയത് ശിക്ഷണാധികാരിക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് കൺട്രോളിംഗ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.
2. ഔപചാരികാന്വേഷണ റിപ്പോർട്ടുകൾ നിർദ്ദേശിക്കപ്പെടുന്ന സമയ പരിധിക്കുള്ളിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
3. വിരമിക്കലിന് മുമ്പ് അച്ചടക്കനടപടി തുടങ്ങാൻകഴിയാത്ത സാഹചര്യത്തിൽ KSR പ്രകാരം നടപടി സ്വീകരിക്കുന്നതിനും, ഡി.സി.ആർ.ജി. യിൽ നിന്ന് ബാദ്ധ്യത ഈടാക്കുന്നതിനും സമയപരിധിയുള്ളതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും ബാദ്ധ്യത ഈടാക്കുന്നതാണ്.
4. അച്ചടക്കനടപടിയിലെ അന്തിമ ഉത്തരവ് പ്രകാരമുള്ള ശിക്ഷയും, സർക്കാർ ബാദ്ധ്യത ഈടാക്കാനുള്ളപക്ഷം ആയതും ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ നടപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള വീഴ്ചക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദിയാണ്.

FMIS.

5. അച്ചടക്കനടപടികൾക്ക് ശുപാർശ ചെയ്യുമ്പോൾ ആരോപണവിധേയരായ ഉദ്യോഗസ്ഥരുടെ പെൻനമ്പരും, വിരമിക്കൽ തീയതിയും കൂടി രേഖപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി വീക്ഷിക്കുന്നതുമാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ

പകർപ്പ്: എല്ലാ സർക്കിൾ കാര്യാലയങ്ങൾ/ഡിവിഷൻ കാര്യാലയങ്ങളിലേയക്കും/ എല്ലാ സെക്ഷൻ തലവൻമാർക്കും / സ്റ്റോക്ക് ഫയൽ.

NKB

E:\2018 office files\B1\B1-13185-18 circular dt 06.06.2018.docx/j